(സി) നാടൻ അരി റേഷൻ കടകൾ വഴി വിതരണം നടത്തുമ്പോൾ പത്രമാധ്യമം വഴി കാർഡുടമകളെ അറിയിക്കാറുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം

136 [449] ശ്രീ. റോഷി അഗസ്റ്റിൻ:

" കെ. നാരായണക്കുറുപ്പ്:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ക്വിന്റൽ നെല്ല് സർക്കാർ സംഭരിച്ചു എന്നറിയിക്കാമോ;

(ബി) ഇത് മുഖേന എത്രമാത്രം സാമ്പത്തിക നേട്ടം കാർഷിക രംഗത്ത് ലഭ്യമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കാൻ കഴിയുന്ന ഈ സംരംഭം ഒരു സ്ഥിരം സംവിധാനം ആക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷം വിവിധ സംഭരണ ഏജൻസികളിൽ നിന്ന് 521422 ക്വിന്റൽ നെല്ലും, കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്ന് നേരിട്ട് 613655.5 ക്വിന്റൽ നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാർ സംഭരിച്ചു (ആകെ 1135077.50 ക്വിന്റൽ).

(ബി) ഏകദേശം 17 കോടി രൂപയുടെ നേട്ടം കൃഷിക്കാർക്ക് ലഭിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ സപ്ലൈസീസണിൽ വിപണി വില 7 രൂപയിൽ താഴ്ന്നുനിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും നെല്ല് സംഭരിക്കുവാൻ 6-9-2005-ലെ 32/05/എഫ്.സി.എസ്. & സി.എ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷൻ നടപടി എടുത്തിട്ടുണ്ട്. ഈ സംരംഭം ഒരു സ്ഥിര സംവിധാനമാക്കുന്നത് സംബന്ധിച്ച് ഇതുവരെ സർക്കാർ തലത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തൽ

137 [450] ശ്രീ. ടി. എം. തോമസ്:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly